**പതിനാലാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3104** **07.02.2018-ലെ മറുപടിക്ക്**

**'മംഗലശ്ശേരി നിവാസികളുടെ പട്ടയം'**

| **ചോദ്യം**<br>**ശ്രീ. ജോർജ് എം.തോമസ്** | **മറുപടി**<br>**ശ്രീ.ഇ.ചന്ദ്രശേഖരൻ**<br>**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)** |
|---|---|

| | | | |
|---|---|---|---|
| (എ) | കോഴിക്കോട് താഴക്കോട് വില്ലേജിലെ മംഗലശ്ശേരി തോട്ടം നിവാസികൾക്കുള്ള പട്ടയം അനുവദിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | 1981-ൽ മംഗലശ്ശേരി തോട്ടഭൂമി പതിച്ച് നൽകിയ നടപടി 1980-ലെ ഫോറസ്റ്റ് കൺസർവേഷൻ ആക്ടിലെ നടപടികൾ സ്വീകരിച്ചുകൊണ്ട് റഗുലറൈസ് ചെയ്യേണ്ടതുണ്ട്. 24/12/1968-ലെ സർക്കാർ ഉത്തരവ് (കൈ.) 622/68/റവ. പ്രകാരം കൊയിലാണ്ടി താലൂക്കിലെ ചക്കിട്ടപ്പാറ വില്ലേജിൽ 4200 ഏക്കർ എസ്ചീറ്റ് ഭൂമിയായി പ്രഖ്യാപിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ 02/08/2017-ന് പ്രസ്തുത ഭൂമി ഏറ്റെടുക്കുകയും ചെയ്തിരുന്നു. മംഗലശ്ശേരി തോട്ടം ഭൂമിയ്ക്ക് പകരമായി ടി ഭൂമി ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം റഗുലറൈസ് ചെയ്യാവുന്നതാണെന്ന് റവന്യൂ ഓഫീസേഴ്സ് കോൺഫറൻസിൽ തീരുമാനിച്ച പ്രകാരം കേന്ദ്ര പരിസ്ഥിതി, വനം, കാലാവസ്ഥ വ്യതിയാന മന്ത്രാലയത്തിന്റെ ഓൺ ലൈൻ സൈറ്റിൽ 10/12/2017 തീയതിയിൽ FP/KL/OTHERS/30248/2017 നമ്പർ പ്രകാരം പ്രൊപ്പോസൽ സമർപ്പിക്കുകയും റഗുലറൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. |
| (ബി) | ഇവർക്ക് എന്ന് പട്ടയം വിതരണം ചെയ്യാൻ കഴിയുമെന്ന് വ്യക്തമാക്കുമോ? | (ബി) | ഫോറസ്റ്റ് കൺസർവേഷൻ ആക്ട് പ്രകാരം റഗുലറൈസേഷൻ നടപടികൾ പൂർത്തിയായതിനു ശേഷം മാത്രമേ പട്ടയം നൽകാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**